**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 103** **08-12-2022 - ൽ മറുപടിയ്ക്ക്**

**തൊഴിൽ നയം**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും അവ പരിഹരിക്കുന്നതിനും തൊഴിൽ വകുപ്പിന് കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്; തൊഴിൽ നിയമങ്ങളിലൂടെയും, ചട്ടങ്ങളിലൂടെയും ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനത്തിലൂടെയും വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും അവ പരിഹരിക്കുന്നതിനും തൊഴിൽ വകുപ്പിന് കഴിയുന്നുണ്ട്.<br><br>അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ 10201 സ്ഥാപനങ്ങളിൽ നിന്നും 463488 ജീവനക്കാർക്ക് ഈ സംവിധാനം വഴി വേതന വിതരണം നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്കും പരാതികൾക്കും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) | ഗാർഹിക തൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിത തൊഴിലാളികളുടെ വരുമാനവും സുരക്ഷയും ഉറപ്പാക്കുന്നതിന് സർക്കാർ പിൻതുടരുന്ന തൊഴിൽ നയത്തിന് നിർണ്ണായക പങ്ക് വഹിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്; ഗാർഹിക മേഖലയിലെ തൊഴിലാളി കളുൾപ്പെടെയുള്ള അസംഘടിത മേഖലയിൽ ജോലി ചെയ്തുവരുന്നവരും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടിയിട്ടുള്ളതുമായ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും ആരോഗ്യ സംരക്ഷണം പ്രദാനം ചെയ്യുന്നതിനും തൊഴിലാളികളുടെ നിയമപരമായ ആവശ്യങ്ങൾ |

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുന്നതിനും തൊഴിൽ നയത്തിന് സാധിച്ചിട്ടുണ്ട്. |
| (സി) | മൗലികമായ തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തൊഴിലാളി-തൊഴിലുടമ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും തൊഴിൽ നയം സഹായകമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | **ഉണ്ട്; 18/05/2018 ലെ സ.ഉ (കൈ) നമ്പർ 27/2018/തൊഴിൽ ഉത്തരവ് പ്രകാരം തൊഴിൽ നയത്തിന്റെ അന്തിമ രൂപത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും, സാമൂഹ്യ സുരക്ഷയും ഉറപ്പാക്കി കേരളത്തെ ഒരു തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും, സർവ്വതോന്മുഖമായ വികസനത്തിനും തൊഴിൽ നയം സഹായകമായിട്ടുണ്ട്.** |
| (ഡി) | സംസ്ഥാനത്ത് മിനിമം കൂലി ഉറപ്പാക്കുന്നതിനും നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിൽ നയം സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്; സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ മിനിമം വേതന ഷെഡ്യൂളിൽ ഉൾപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ 10201 സ്ഥാപനങ്ങളിൽ നിന്നും 463488 ജീവനക്കാർക്ക് ഈ സംവിധാനം വഴി വേതന വിതരണം നടത്തിയിട്ടുണ്ട്. 30/04/2018 ലെ സ.ഉ. (സാധാ) നം. 511/2018/തൊഴിൽ ഉത്തരവ് പ്രകാരം നോക്കുകൂലി നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം സംസ്ഥാനത്ത് മിനിമം കൂലി ഉറപ്പാക്കുന്നതിനും നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉൾപ്പെടെ തൊഴിൽ നയം സഹായകമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ